**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4207** **28-10-2021 - ൽ മറുപടിയ്ക്ക്**

**ക്ലിൻക്കർ ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ സിമന്റ്സ് ഒരു വർഷം എത്ര ടൺ ക്ലിൻകർ ആണ് ഇറക്കുമതി ചെയ്യുന്നതെന്നും ആയത് ടെൻഡർ നടപടികളിലൂടെയാണോയെന്നും അറിയിക്കുമോ; ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള പ്രീ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | മലബാർ സിമന്റ്സ് ലിമിറ്റഡ്, വാർഷികാനുപാതത്തിൽ ക്ലിങ്കർ വാങ്ങാറില്ല. എന്നാൽ അവശ്യഘട്ടങ്ങളിൽ കമ്പനി ഓപ്പൺ മാർക്കറ്റിൽ നിന്നു ക്ലിങ്കർ വാങ്ങിയിട്ടുണ്ട്. എൻ.ഐ.സി പോർട്ടൽ മുഖേനയുള്ള ടെൻഡർ നടപടികൾ പാലിച്ചാണ് വാങ്ങിയിട്ടുള്ളത്. |
| (ബി) | ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നുമാണ് 53 ഗ്രേഡ് സിമന്റ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും എത്ര രൂപയ്ക്കാണ് ഒരു ടൺ ഇറക്കുമതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | മലബാർ സിമന്റ്സ് ലിമിറ്റഡ് അവസാനമായി ക്ലിങ്കർ ഇറക്കുമതി ചെയ്തത് യു.എ.ഇ യിൽ നിന്നുമാണ്. ഇവയുടെ വില സി.എഫ്.ആർ, കൊച്ചിൻ നിരക്ക് മെട്രിക് ടണ്ണിന് 50.80 യു.എസ്.ഡി ആണ്. |
| (സി) | നിലവിൽ മലബാർ സിമന്റ്സിന് ക്ലിൻക്കർ സപ്ലൈ ചെയ്യുന്നത് ആരാണെന്നും ഇവരുടെ വിലാസവും ഇവർക്ക് പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; എത്ര കാലത്തിനുള്ളിലാണ് ബില്ലുകൾ മാറി നൽകുന്നതെന്നും വിശദമാക്കാമോ; | (സി) | മലബാർ സിമന്റ്സ് ലിമിറ്റഡിൽ നിലവിൽ ആരും തന്നെ ക്ലിങ്കർ വിതരണം ചെയ്യുന്നില്ല. |
| (ഡി) | വർഷത്തിൽ എത്ര തവണയാണ് മലബാർ സിമന്റ്സ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും ആയതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡർ ഓപ്പൺ ആണോയെന്നും അറിയിക്കുമോ? | (ഡി) | മലബാർ സിമന്റ്സ് നിലവിൽ ക്ലിങ്കർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ക്ലിങ്കറിന്റെ ലഭ്യത കുറവ് അനുഭവപ്പെട്ടപ്പോൾ കമ്പനി ഓൺലൈൻ ടെൻഡർ മുഖേന പുറത്ത് നിന്നും വാങ്ങാറുണ്ട്. നിലവിൽ ആവശ്യമായ 3000 മെട്രിക് ടൺ ക്ലിങ്കറിന്റെ 10% വാങ്ങുന്നതിനുവേണ്ടി ടെൻഡർ നടപടി പുരോഗമിക്കുന്നുണ്ട്. ടെൻഡറിന്റെ സാങ്കേതിക ബിഡ് 20.10.2021 നായിരുന്നു. |

സെക്ഷൻ ഓഫീസർ